

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

10 APRIL 2020

16 SHABAAN 1441 AH

# THE ATTRIBUTES OF ALLAH (Pt.4)

# അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങൾ (ഭാഗം-4)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങൾ (ഭാഗം-4)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹുവിന്റെ സവിശേഷഗുണങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഖുത്തുബാ പരമ്പരയുടെ നാലാം ഭാഗത്തിലേക്ക് നാലാഴ്ചകൾക്കു ശേഷം ഞാൻ കടക്കുകയാണ്. ഞാൻ മുമ്പ് നിങ്ങളോട് പറഞ്ഞതു പോലെ അല്ലാഹുവിന് ഒരിയ്ക്കലും കള്ളം പറയേണ്ട ആവശ്യമില്ല. അവൻ മാലികും, റഹ്മാനും, റഹീമും ആണ്. അതുപോലെ തന്നെ അവൻ അൽഹഖും ആണ്. തങ്ങളുടെ കൂട്ടത്തിലുള്ള മറ്റുള്ളവരെ കബളിപ്പിക്കുന്നതിന് (ചതിക്കുന്നതിനു) വേണ്ടി ആൾക്കാർ തന്ത്രങ്ങളും, എല്ലാ തരത്തിലുമുള്ള മിഥ്യാധാരണകളും പ്രയോഗിക്കുമ്പോൾ, അല്ലാഹു സത്യം വെളിപ്പെടുത്തിക്കൊടുക്കും. ഹസ്രത്ത് മൂസാ(അ)യുടെ അനുഭവം നമുക്കിതിനുള്ള സാക്ഷ്യമാണ്. അതുപോലെ തന്നെ, വിശുദ്ധഖുർആനിൽ ഹസ്രത്ത് ദാവൂദ് (അ)യുടെ സവിശേഷഗുണവും ഉദാഹരണമായി കാണാവുന്നതാണ്. സുശക്ത ഭരണാധികാരിയായിരുന്ന അദ്ദേഹത്തിന്റെ ആരാധനാ മുറിയിലേക്ക് മതിൽ കയറി മറിഞ്ഞ് രണ്ട് കക്ഷികൾ വന്നു ചേർന്നതായി അല്ലാഹു പറയുന്നു. അവർ അദ്ദേഹത്തോടു പറഞ്ഞു. ഓ!ദാവൂദ് താങ്കൾ ഭയപ്പെടേണ്ട. ഞങ്ങൾ കള്ളന്മാരോ, പിടിച്ചുപറിക്കാരോ അല്ല. ഞങ്ങൾ

പരസ്പരം വഴക്കു കൂടുന്ന രണ്ട് കക്ഷികളാണ്. ഞങ്ങളിലൊരാൾ മറ്റേയാളോട് അതിക്രമം പ്രവർത്തിച്ചിരിക്കുന്നു. അതുകൊണ്ട് താങ്കൾ ഞങ്ങൾക്കിടയിൽ നീതിപൂർവ്വം വിധികല്പിക്കുക. അനീതി കാണിക്കരുത്. ഞങ്ങളെ നേർമാർഗ്ഗത്തിലേക്ക് നയിക്കുക. ഞങ്ങളുടെ പ്രശ്നം ഇനി പറയുന്നതാണ്. ഇവനെന്റെ സഹോദരനാണ്. ഇവന് തൊണ്ണൂറ്റിയൊൻപത് പെണ്ണാടുകളുണ്ട്. എനിക്ക് ഒരൊറ്റ ആടും. എന്നിട്ടും അതെന്നെ ഏല്പിക്കുക എന്നെ ഇവൻ പറയുന്നു. ഞാനവനോട് എനിക്ക് ഒന്നേയുള്ളു അതിനെ ഞാൻ തരില്ല എന്നുപറഞ്ഞിരിക്കുകയാണ്. ഞങ്ങളെന്തു ചെയ്യണമെന്ന് താങ്കൾ പറയൂ-

ഹസ്രത്ത് ദാവൂദ്(അ) അല്ലാഹു(ത) അദ്ദേഹത്തിന് കനിഞ്ഞു നൽകിയ യുക്തിജ്ഞാനത്തിന്റേയും വിധി നിർണ്ണായകമായ സംസാരയോഗ്യതയുടേയും അടിസ്ഥാനത്തിൽ അവർക്കിടയിൽ വിധി പ്രസ്താവിച്ചു. എന്നാൽ ഈ അനുഭവത്തിലൂടെ അല്ലാഹുതന്നെ പരീക്ഷിച്ചതാണെന്ന് അദ്ദേഹം പെട്ടെന്നു തന്നെ മനസ്സിലാക്കി. തന്റെ നാഥനോട് മാപ്പപേക്ഷിക്കുകയും അനുസരണം പുലർത്തിക്കൊണ്ട് നിലത്ത് വീഴുകയും അല്ലാഹുവിന്റെ ഭാഗത്തേക്ക് തിരിയുകയും ചെയ്തു. സത്യത്തിൽ അല്ലാഹു അദ്ദേഹത്തെ പരീക്ഷിക്കുകയായിരുന്നു. ആർത്തി കാട്ടുന്നതിനെതിരേ താക്കീതു നല്കിക്കൊണ്ട് അല്ലാഹു ദാവൂദ് (അ) യോട് തന്റെ സാമ്രാജ്യത്തോട് ചേർന്ന് കിടക്കുന്ന ചെറുരാജ്യങ്ങളെ പിടിച്ചടക്കേണ്ടതില്ല എന്ന കല്പന നല്കുകയും സ്വേച്ഛയെ പിൻപറ്റാതെ മനുഷ്യർക്കിടയിൽ നീതിപൂർവ്വം വിധി കല്പിക്കുക എന്ന് പറയുകയും ചെയ്തു. തന്റെ സമീപരാജ്യങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തരുത് എന്നോർമ്മിപ്പിച്ച അല്ലാഹു(ത) അദ്ദേഹത്തോട് അമിതത്വം പ്രവർത്തിക്കുന്നതിനെതിരേ സൂക്ഷ്മത പാലിച്ചുകൊള്ളുവാനും ഉപദേശിക്കുകയുണ്ടായി.

ഈ സൂക്തത്തെ ചില വ്യാഖ്യാതാക്കൾ തെറ്റായി വ്യാഖ്യാനിച്ചിട്ടുണ്ട്. ദാവൂദ് (അ)യ്ക്ക് 99 ഭാര്യമാരുണ്ടായിരുന്നുവെന്നും, സൗന്ദര്യവതിയായ മറ്റൊരു വനിതയെ വിവാഹം കഴിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചുവെന്നും അങ്ങനെ ഭാര്യമാരുടെ എണ്ണം 100 ആക്കുവാനായിരുന്നു ആഗ്രഹം എന്നൊക്കെയാണ് ഇക്കൂട്ടർ വ്യാഖ്യാനിച്ചിരിക്കുന്നത്.

വാസ്തവത്തിൽ, ഇത് വെറും അതിശയോക്തി മാത്രമാണ്. അതിവിശാലമായ സാമ്രാജ്യത്തിലെ ചക്രവർത്തിയായിരുന്നു അദ്ദേഹം എന്നും, വേണമെന്ന് വിചാരിച്ചിരുന്നുവെങ്കിൽ, അവിടെയുള്ള അതിസുന്ദരികളായ യുവതികളിൽ ഇഷ്ടമുള്ളവരെ അദ്ദേഹത്തിനു വിവാഹം ചെയ്യുവാനും സാധിക്കുമായിരുന്നു എന്നും നമുക്ക് അറിയാവുന്ന കാര്യമല്ലേ? രാജാവിന് പരമാധികാരം ഉണ്ടായിരുന്ന അക്കാലത്ത് തനിക്കാഗ്രഹമുള്ള എന്തും അദ്ദേഹത്തിന് നിഷ്പ്രയാസം നേടിയെടുക്കുവാൻ സാധിക്കുമായിരുന്നു. ഇവിടെ ഈ വ്യാഖ്യാതക്കൾ കണ്ണുമടച്ച് ബൈബിളിൽ വന്ന വ്യാഖ്യാനത്തെ എടുത്തു പ്രയോഗിച്ചിരിക്കുകയാണ്. ഇതൊക്കെ പൂർണ്ണമായും സാങ്കല്പികം മാത്രമാണ്.

വാസ്തവത്തിൽ, ഇത്, ഹസ്രത്ത് ദാവൂദ് (അ)യ്ക്ക് അല്ലാഹു നല്കിയ ഒരുപദേശമായിരുന്നു. അല്ലാഹുവാണ് അദ്ദേഹത്തിന് വിശാലമായ സാമ്രാജ്യങ്ങൾ നല്കിയിരിക്കുന്നത് എന്ന്, അദ്ദേഹത്തെ മനസ്സിലാക്കി കൊടുക്കുവാൻ വേണ്ടി. വൻ സാമ്രാജ്യങ്ങളുടെ ചുറ്റുവട്ടത്തിലായി ചെറുരാജ്യങ്ങളും ഉണ്ടാവും. അപ്പോൾ അവയെക്കൂടി തങ്ങളുടെ അധികാരപരിധിയിൽ കൊണ്ടുവന്ന്-അവർക്കുമേൽ ആധിപത്യം സ്ഥാപിക്കുവാൻ സ്വാഭാവികമായ ഒരു വാഞ്ച ചക്രവർത്തിമാരിൽ കാണും. അത്തരം സ്വേച്ഛയെ നീ പിൻപറ്റരുത് എന്നാണ് അല്ലാഹു ദാവൂദ്(അ)യെ ഓർമ്മിപ്പിച്ചത്. ഇക്കാലത്തും, ഇത്തരം സംഭവങ്ങൾ നമുക്കുചുറ്റും നടക്കുന്നുണ്ടല്ലോ. വൻകിടരാജ്യങ്ങൾ തങ്ങളുടെ രാജ്യത്തിന്റെ പ്രാന്തപ്രദേശങ്ങളിലെ ദ്വീപുകളും മറ്റും അധീശപ്പെടുത്തുകയും അവിടെ സൈനികകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നത് നാം അറിയുന്നുണ്ട്. ഇതൊരു നല്ലകാര്യമാണെന്നാണ് അവർ കരുതിയിരിക്കുന്നത്. പക്ഷേ, ഇത്തരം പ്രലോഭനങ്ങളും, പ്രേരണകളും അനീതി പ്രവർത്തിക്കുന്നതിലേക്ക് നയിക്കുക തന്നെ ചെയ്യും.

ഇതു സംബന്ധിച്ച് സംസാരിക്കുമ്പോൾ, അറബ് രാജ്യത്തിലെ ഒരു അനുയായി എന്നോട് ഹസ്രത്ത് സാലിഹ് (അ)യുടെ കാലത്തുണ്ടായ ഭൂകമ്പത്തെപ്പറ്റി ചോദിച്ച ഒരു ചോദ്യം നിങ്ങളോട് പങ്കുവെക്കുകയാണ്. 2020 മാർച്ച് 27ന് നടത്തിയ ജുംആ ഖുത്തുബയിൽ ഞാൻ സൂചിപ്പിച്ച സംഗതികൾ വീണ്ടും ഞാൻ എടുത്തുപറയുകയാണി

വിടെ! ദൈവീക ശിക്ഷയുടെ രണ്ടാമത്തെ സവിശേഷത അതിറങ്ങുന്നത് ചില നിബന്ധനകൾക്കു വിധേയമായിട്ടാവും എന്നതത്രേ. ഈ നിബന്ധന ഭൂമിയിൽ നിന്നോ, ആകാശത്തു നിന്നോ ഉത്ഭവിക്കുന്ന വിനാശങ്ങളുടേയോ മഹാവിപത്തുകളുടേയോ നേരിട്ടുള്ള കാരണമേ ആയിരിക്കില്ല. അതങ്ങ് പ്രത്യക്ഷപ്പെടുകയാണ് ചെയ്യുന്നത്.

സമൂദ് ഗോത്രത്തിലേക്ക് അയയക്കപ്പെട്ട സാലിഹ് നബി(അ) യുടെ കാലത്ത് ഒരുവൻഭൂകമ്പം ഉണ്ടായി. ഈ ഭൂകമ്പവും, സമൂദ് ഗോത്രത്തിലെ അഹങ്കാരികളായ നേതാക്കന്മാർ അവർക്ക് അടയാളമാക്കി നൽകപെട്ട പെൺ ഒട്ടകത്തിന്റെ പിൻകാൽഞരമ്പ് (കുതിഞരമ്പ്) മുറിച്ച് മുടന്തിയാക്കിയ സംഭവും തമ്മിൽ ബന്ധമില്ല.

ഇവിടെ ഞാൻ, അല്ലാഹു എന്നെ പഠിപ്പിക്കുകയും, മനസ്സിലാക്കി തരികയും ചെയ്ത അറിവിന്റെ വെളിച്ചത്തിൽ നിങ്ങളെ ഒരു കാര്യം മനസ്സിലാക്കിക്കുവാൻ ശ്രമിക്കുകയാണ്. വിശുദ്ധഖുർആനിൽ സൂറ അൽഅഅ്റാഫിലും സൂറ അൽഖമറിലും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു-തീർച്ചയായും ആ പെൺഒട്ടകം അല്ലാഹുവിന്റേതാണെന്നും, അതിനും മറ്റെല്ലാവരെയും പോലെ, അതിന്റെ പാനസമയം, (വെള്ളം കുടിക്കുവാനുള്ള അവസരം) ഉണ്ടെന്നും. പക്ഷേ, ആ മഹാപാപികൾ അല്ലാഹുവിന്റെ കല്പനയെ ലംഘിക്കുകയാണ് ചെയ്തത്. ആ പെൺഒട്ടകം അതിന് അനുവദിയ്ക്കപ്പെട്ട സമയത്ത് വെള്ളം കുടിയ്ക്കുവാൻ ചെന്നിട്ട് അതിനെ അവർ വെള്ളം കുടിയ്ക്കുവാൻ അനുവദിച്ചില്ല. പകരം അവർ അതിന്റെ കുതിഞരമ്പ് മുറിച്ച് അതിനെ മുടന്തിയാക്കി വിട്ടു. അപ്പോഴാണ് ഈ സൂക്തത്തിൽ ഇപ്രകാരം സൂചിപ്പിക്കുന്നത്. അതിനുശേഷം നാം (അല്ലാഹു) അവരുടെ മേൽ ഘോരശബ്ദം അയച്ചു. അങ്ങനെ ഭൂകമ്പം അവരെ പിടികൂടി. അങ്ങനെ അവർ തങ്ങളുടെ വീടുകളിൽ വെച്ചുതന്നെ നശിപ്പിക്കപ്പെട്ടു.

ഈ ശിക്ഷ (ഭൂകമ്പം) ഉണ്ടാകുന്നതിനുള്ള കാരണം ആ പാപികൾ പെൺഒട്ടകത്തെ അതിന്റെ കുതിഞരമ്പ് മുറിച്ച് മുടന്തിയാക്കി വിട്ടതല്ല എന്ന് നിങ്ങൾ മനസ്സിലാക്കണം. ഇത് കാണിയ്ക്കുന്നത്

അവർ അല്ലാഹുവിന്റെ കല്പനയെ ധിക്കരിച്ചു. അതിനുള്ള ശിക്ഷയായിട്ടാണ് ഇത് ഉണ്ടായത് എന്നാണ്. അവരുടെ ഈ അനുസരിക്കേടുകളും, ധിക്കാരങ്ങളും, വർഷങ്ങളായി തുടരുക നിമിത്തം കുമിഞ്ഞുകൂടി അതിര് ലംഘിച്ച ഘട്ടം വരെ എത്തി എന്നു സാരം. ഈ ധിക്കാരങ്ങളിൽ ഒന്നു മാത്രമായിരുന്നു ആ പെൺഒട്ടകത്തിന്റെ കുതിഞരമ്പ് വെട്ടി മുടന്തിയാക്കിയത്. അല്ലാഹു ഒറ്റയടിക്ക്, അപ്രതീക്ഷിതമായി ആരെയും ശിക്ഷിക്കുകയില്ല. അവൻ ഒരു വ്യക്തിയ്ക്കോ, ഒരു സമുദായത്തിനോ, മാനവസമൂഹത്തിന് ആകമാനമായോ, പശ്ചാത്തപിച്ച്, സ്വയം നന്നായി, മടങ്ങുവാനുള്ള സമയം അനുവദിച്ചു നല്കും. ഇവിടെ ഹസ്രത്ത് സാലിഹ് നബി (അ)യുടെ ജനതയുടെ മേൽ ശിക്ഷ ഇറക്കാനുള്ള കാരണം അവർ അനുസരണക്കേടിലും ധിക്കാരത്തിലും ആറാടുകയായിരുന്നുവെന്നതിനാലും, പെൺഒട്ടകത്തിന്റെ ഞരമ്പുമുറിച്ച് മുടന്തിയാക്കുന്ന പ്രവൃത്തിയിലൂടെ അവർ അനുസരണക്കേടിന്റെയും, ധിക്കാരത്തിന്റേയും സീമലംഘിച്ചു എന്നുള്ളതുമാണ്. അങ്ങനെ അല്ലാഹുവിനോടുള്ള അനുസരണമില്ലായ്മയുടെ അതിരുവിടുമ്പോഴാണ് അല്ലാഹു അവരെ ശിക്ഷിച്ചത്. അല്ലെങ്കിൽ അല്ലാഹു അവരെ ശിക്ഷിയ്ക്കുമായിരുന്നില്ല. പെൺഒട്ടകത്തിനെ മുടന്തിയാക്കുന്ന പ്രവൃത്തി അനുസരണമില്ലായ്മയുടെ അങ്ങേയറ്റത്തെ കാണിക്കുന്നു. അതിനാലാണ് ഞാൻ പറഞ്ഞത് ദൈവീക ശിക്ഷയുടെ രണ്ടാമത്തെ സവിശേഷത അതിറങ്ങുന്നത് ചില നിബന്ധനകൾക്കു വിധേയമായിട്ടായിരിക്കും എന്നതത്രേ. ഈ നിബന്ധന ഭൂമിയിൽ നിന്നോ, ആകാശത്തു നിന്നോ ഉത്ഭവിക്കുന്ന വിനാശങ്ങളുടേയോ, മഹാവിപത്തുകളുടേയോ നേരിട്ടുള്ള കാരണമേ അല്ല. അതങ്ങ് (ആ ശിക്ഷ) പ്രത്യക്ഷപ്പെടുകയാണ് ചെയ്യുന്നത്.

ഇവിടെ പറഞ്ഞ നിബന്ധന ഇതാണ്. സാലിഹ് നബി (അ)യുടെ ജനത അല്ലാഹുവിന്റേയും അവന്റെ പ്രവാചകന്റേയും കല്പന അനുസരിച്ചിരുന്നുവെങ്കിൽ (അതായത് അവർ ആ പെൺഒട്ടകത്തെ വെള്ളം കുടിയ്ക്കാൻ അനുവദിച്ചിരുന്നുവെങ്കിൽ) അതിന്റെ പിൻകാൽഞരമ്പ് വെട്ടി അതിനെ മുടന്തിയാക്കാതിരുന്നെങ്കിൽ, അവരെ (സാലിഹ് (അ)

യുടെ ജനതയെ) അവർ അവിശ്വാസികളായിരുന്നുവെങ്കിൽക്കൂടി. ഈ ദുരന്തം ബാധിക്കില്ലായിരുന്നു. പക്ഷേ, വർഷങ്ങളായുള്ള അവരുടെ ആ അനുസരണക്കേട് : അത് തന്നെയാണ് അവരുടെ നാശത്തിനുള്ള കാരണമായത്.

അതുപോലെ തന്നെ ഹസ്രത്ത് ദാവൂദ് (അ)യുടെ കാര്യത്തിൽ അല്ലാഹു അദ്ദേഹത്തെ പരീക്ഷിച്ച് മതിൽ കയറിമറിഞ്ഞ് തന്റെ ആരാ ധനാ മുറിയിലേക്ക് കടന്ന്, തങ്ങളുടെ പ്രശ്നം അവതരിപ്പിക്കുവാനായി വന്ന ആ രണ്ട് കക്ഷികളുടെ സാന്നിധ്യത്തിലൂടെയാണ്. ഇവിടെ കണ ക്കിലടുക്കേണ്ടത് ആ രണ്ട് കക്ഷികളുടെ സാന്നിധ്യമോ, അവർ അദ്ദേ ഹത്തിന്റെ മുന്നിലവതരിപ്പിച്ച അവരുടെ പ്രശ്നമോ ഒന്നുമല്ല-മറിച്ച്, അല്ലാഹു മുന്നോട്ടു വെച്ച ആ പരീക്ഷണവും, അതിലൂടെ അല്ലാഹു( ത) ഹസ്രത്ത് ദാവൂദ് (അ)യെ പഠിപ്പിക്കുവാനുദ്ദേശിച്ച പാഠവുമാണ്. ഈ ഖുർആൻ സംഭവത്തിൽ പ്രാധാന്യമർഹിക്കുന്ന സംഗതി അതാ ണ്. ഇവിടെ ഹസ്രത്ത് ദാവൂദ് (അ)യ്ക്ക് ഇതൊരു അല്ലാഹുവിൽ നിന്നുള്ള പരീക്ഷണമാണെന്നും, അല്ലാഹു ഇതിലൂടെ തനിക്ക് ഒരു മഹത്തായ പാഠമാണ് പഠിപ്പിച്ചു തന്നിരിക്കുന്നത് എന്നും മനസ്സിലാ യി. ഇഹലോകത്തുള്ള-ഭൗതീകമായ-കാര്യങ്ങളിൽ ആർത്തി (അതി മോഹം) വെക്കരുത് എന്ന് അല്ലാഹു(ത) അദ്ദേഹത്തെ പഠിപ്പിച്ചു. അല്ലാഹു അദ്ദേഹത്തിന് നല്കിയിരിക്കുന്നതിൽ തൃപ്തിപ്പെടണമെന്നും മനസ്സിലാക്കിച്ചു. അല്ലെങ്കിൽ, അല്ലാഹുവിന്റെ ഖലീഫയെന്ന നിലയിൽ, അദ്ദേഹത്തിന് അദ്ദേഹത്തിന്റെ ജോലി (മനുഷ്യർക്കിടയിൽ നീതി പൂർവ്വം വിധി കല്പിക്കുക) ശരിയാവണ്ണം നിർവ്വഹിക്കുവാൻ സാധി യ്ക്കുമായിരുന്നില്ല. അങ്ങനെ ഹസ്രത്ത് ദാവൂദ് (അ) ആ രണ്ടു കക്ഷി കൾക്കിടയിൽ നീതിപൂർവ്വം വിധി കല്പിച്ച വേളയിൽ, അദ്ദേഹത്തിന് മനസ്സിലായി-ഈ വിധി തനിക്കും ബാധകമാണ്-ഇത് എന്റെ കാര്യ ത്തിലും ഞാൻ അനുവർത്തിക്കേണ്ടതാണ് എന്ന്.

ഞാൻ ഖുതുബാ പ്രസംഗത്തിന്റെ വിഷയത്തിലേക്ക് മടങ്ങി വരി കയാണ്. അല്ലാഹു പരമാധികാരി പരമോന്നതയജമാനൻ-ആണ്. അതി നാൽ തന്നെ, അവനൊന്നും കൂട്ടിവെക്കേണ്ടതില്ല, ആർത്തികാ ട്ടേണ്ടതില്ല, എന്തെങ്കിലും നേടിയെടുക്കാൻ വേണ്ടി തന്ത്രങ്ങളും കഥ

കളും മെനയേണ്ടതുമില്ല. അവൻ കള്ളം പറയുന്നതിന് അതീതനാകുന്നു. അനീതി പ്രവർത്തിക്കുന്നതുകൊണ്ട് അവന് പ്രത്യേകിച്ചൊരു പ്രയോജനവുമില്ല.

ഇവിടെ അല്ലാഹു യജമാനൻ എന്ന തന്റെ സവിശേഷഗുണത്തോട് പരിപൂർണ്ണ സത്യം എന്ന സവിശേഷതയെ ചേർത്തു വെക്കുന്നു. ഇനി ഈ ആയത്ത് ഞാൻ ഗഹനമായി വിശകലനം ചെയ്ത് നിങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുമ്പോൾ, കുറേകൂടി രസകരമായ വിശദീകരണങ്ങൾ വെളിച്ചത്തു വരുന്നത് നമുക്ക് അനുഭവിച്ചറിയാം. അല്ലാഹു(ത) എന്തിനാണ് പരമസത്യം എന്ന ഗുണത്തെ പരമോന്നത യജമാനൻ (ഉടമസ്ഥൻ) എന്ന ഗുണവുമായി ബന്ധിപ്പിച്ചത്? സത്യത്തിൽ ഇതിന്റെ കാരണം, ഞാൻ നിങ്ങൾക്ക് വിശദമായി തന്നതുതന്നെയാണ്.

മാലിക് എന്ന പദത്തിന് വസ്തുവകകളുമായി ബന്ധമുണ്ട്. ഒരാൾ ഉടമസ്ഥൻ (യജമാനൻ) ആണെന്നിരിക്കട്ടെ, അങ്ങനെയുള്ള ആ വ്യക്തി തന്റേതായ എന്തെങ്കിലും ഒരാൾക്കുകൊടുക്കുന്നു എന്നും മറ്റൊരാൾക്ക് ഒന്നും കൊടുക്കുന്നില്ല എന്നുമിരിയ്ക്കട്ടെ. അപ്പോൾ ആ വ്യക്തിയുടെ പ്രവൃത്തിയെ അനീതിപരമായത് എന്ന് പറയാൻ നമുക്ക് സാധിക്കില്ല. അദ്ദേഹത്തിന് ഇഷ്ടമുള്ള ആർക്കും അദ്ദേഹമിഷ്ടപ്പെടുന്നത് കൊടുക്കാം. കാരണം ആ വ്യക്തി അതിന്റെ ഉടമസ്ഥനാണ്. ആ സാധനങ്ങളെല്ലാം അയാളുടേതുമാണ്. അപ്പോൾ പുറത്തുനിന്നുള്ള മറ്റൊരാൾക്കും അയാൾ അനീതിയാണ് കാട്ടുന്നത് എന്ന് പറയാനുള്ള അവകാശമില്ല. അയാൾക്ക് ഇഷ്ടമുള്ളത് ഇഷ്ടമുള്ളയാൾക്ക് കൊടുക്കാം. ഇന്നാർക്ക് അയാൾ ഇന്നത് കൊടുത്തു, എനിക്ക് മാത്രം അയാൾ ഒന്നും തന്നില്ല എന്ന് പറയുവാൻ ആർക്കും അവകാശമില്ല.

അത് അജ്ഞതയല്ലാതെ മറ്റൊന്നുമല്ല. ശരിക്കും പറഞ്ഞാൽ സത്യം, നീതി തുടങ്ങിയ ഗുണങ്ങൾക്ക് ഇതുമായി ഒരു ബന്ധവുമില്ല. പക്ഷേ, ഇതിന് ഉടമസ്ഥൻ (യജമാനൻ) എന്ന് ഗുണവുമായി നല്ല ബന്ധമുണ്ട് താനും. ഖുർആൻ ഇതു സംബന്ധമായി സൂചിപ്പിക്കുന്ന

എല്ലാ വേളയിലും ഇതിനെ മാലിക് എന്ന ഗുണവുമായി ചേർത്താണ് പറഞ്ഞിരിക്കുന്നത്. ഇതിനെല്ലാം പുറമേ, സൂറ ഫാത്തിഹായിൽ ഇവയെല്ലാം വന്നിട്ടുണ്ട്. കാരണം മാലികിയൗമിദ്ദീൻ എന്നത് രണ്ടിനും ബാധകമാണ്. അല്ലാഹു അവൻ തന്നെയാണ് തീരുമാനങ്ങൾ എടുക്കന്നത്, അവൻ തന്നെയാണ് വിധി കല്പിക്കുന്നത്, അവൻ തന്നെയാണ് ഉടമസ്ഥൻ, യജമാനൻ അങ്ങനെ വരുമ്പോൾ, മുമ്പ് ഞാൻ നിങ്ങളോട് സൂചിപ്പിച്ചപ്പോലെ, സൂറ ഫാത്തിഹയിൽ സൂചിപ്പിച്ചിരിക്കുന്ന അല്ലാഹുവിന്റെ എല്ലാ ഗുണനാമങ്ങളോടും അൽഹഖ് എന്ന പദവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ആയതിനാൽ സൂറ ഫാത്തിഹ അല്ലാഹുവിന്റെ ഗുണനാമങ്ങളുടെ മാതാവാണ് എന്ന് നമുക്ക് ഉറപ്പിക്കാം. അത് ഉമ്മുൽ ഖുർആൻ ആയിരിക്കുന്നതുപോലെ അല്ലാഹുവിന്റെ ഗുണനാമങ്ങളുടെ മാതാവുമാണ്. അല്ലാഹുവിന്റെ ഗുണനാമങ്ങൾ ആഴത്തിൽ മനസ്സിലാക്കുവാൻ നിങ്ങൾ സൂറ ഫാത്തിഹ ഗഹനമായി പഠനവിധേയമാക്കുക. അപ്പോൾ അത് കൂടുതൽ വ്യക്തമാകുന്നതായി അനുഭവപ്പെടും.

ഇനി ഞാൻ ഈ വിഷയത്തെ പല തലത്തിലും, പല വീക്ഷണകോണുകളിലും, വിശദമാക്കിയിരിക്കുന്ന സൂക്തത്തിലേക്കു വരികയാണ്. ഇത്ര നേരവും ഞാൻ സംസാരിച്ചുകൊണ്ടിരുന്നത് അല്ലാഹു അൽഹഖ് എന്ന പദത്തെ സൂചിപ്പിച്ചിരിക്കുന്ന സൂക്തത്തെപ്പറ്റിയാണ്. അതിൽ അല്ലാഹു എന്തു കാരണത്താലാണ് ആളുകൾ കള്ളം പറയുന്നത്? എന്നു നമ്മെ മനസ്സിലാക്കിത്തരികയായിരുന്നു. ആ അർത്ഥത്തിൽ നോക്കുമ്പോൾ അല്ലാഹുവിന്റെ അൽഹഖ് എന്ന ഗുണനാമം സൂറ ഫാത്തിഹയിൽ പറഞ്ഞിരിക്കുന്ന ഗുണനാമങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടുകിടക്കുന്നു എന്ന് കാണാം. അങ്ങനെ വരുമ്പോൾ ഈ ഗുണവിശേഷങ്ങളുള്ള ഒരു ശക്തിക്ക്/പ്രഭാവത്തിന്/വ്യക്തിക്ക് ഒരിയ്ക്കലും കള്ളം പറയുന്നവൻ ആകാൻ കഴിയില്ല. കള്ളവുമായി അതിന് യാതൊരു തരത്തിലുള്ള ബന്ധവും കാണുകയുമില്ല. അങ്ങനെ കള്ളം എന്ന തലത്തിലെ എല്ലാ ഓരോ അംശത്തെയും അത് തള്ളിക്കളയുന്ന ഒന്നാകുന്നതിനാലാണ് അല്ലാഹു അൽഹഖ് എന്ന് വിളി

യ്ക്കപ്പെടുന്നത്- കള്ളത്തിൽ നിന്നും ദൂരപ്പെട്ടു കിടക്കുന്ന, അതുമായി ഒരു നേരിയ ബന്ധവുമില്ലാത്ത പരിപൂർണ്ണ സത്യം.

ഇനി അല്ലാഹു അൽഹഖ് എന്നു സൂചിപ്പിച്ചിട്ടുള്ള ഏത് സന്ദർഭം ഖുർആനിൽ നിങ്ങളെടുത്തു നോക്കിയാലും നിങ്ങൾക്ക് നിങ്ങളുടെ സ്വഭാവഗുണത്തേയും, നിങ്ങളുടെ ജീവിതരീതികളെയും മെച്ചപ്പെടുത്തുവാൻ സഹായകമായ പ്രകാശം ലഭ്യമാകുന്നതാണ്. നിങ്ങൾ അല്ലാഹുവിനെ അൽഹഖ് എന്ന് തിരിച്ചറിയുകയും, അവ നിൽ നിന്നും- അവന്റെ ആ ഗുണത്തിൽ നിന്നും നിങ്ങളുടെ സ്വഭാവ ഗുണത്തെ മെച്ചപ്പെടുത്തുന്നതിന് പര്യാപ്തമായത് നിങ്ങൾ സ്വാംശീ കരിയ്ക്കുകയും ചെയ്യു. അവയിൽ നമുക്ക് സ്വാംശീകരിക്കേണ്ട ചിലത് ഉണ്ട്. തീർച്ച, നമുക്ക് സത്യത്തിന്റെ കണികയുമായി നേരിയ ബന്ധവും ഇല്ലെങ്കിൽ പിന്നെ പറഞ്ഞിട്ടു കാര്യമില്ല. നമുക്ക് ഒന്നും സ്വാംശീകരിയ്ക്കാൻ കാണില്ല. (അതിന് ജീവിതത്തിൽ സത്യവുമായി എന്തെങ്കിലും ബന്ധം കാണിയ്ക്കേണ്ടേ?) അങ്ങനെ ബന്ധം ഉണ്ടാകണമെങ്കിൽ സഹകരണം വേണം. സഹകരണം ഇല്ലെങ്കിൽ ബന്ധം അറ്റു പോകും.

ഒരു വ്യക്തി അല്ലാഹുവിന്റെ ഗുണനാമങ്ങളുമായുള്ള ബന്ധം വിടുവിക്കുകയാണെങ്കിൽ, അയാൾക്ക് ഈ ഗുണനാമങ്ങളുടെ പ്രയോ ജനങ്ങൾ ലഭിയ്ക്കാതെയാകും. ആയതിനാൽ എന്താണ് സത്യം എന്ന് നന്നായി ഗ്രഹിക്കേണ്ടതും, വിശുദ്ധഖുർആനിൽ സത്യവുമായി ബന്ധ പ്പെട്ട് ലഭിക്കുന്ന പ്രയോജനങ്ങൾ എന്താണ് എന്ന് മനസ്സിലാ ക്കേണ്ടതും അത്യാവശ്യമാണ്. പെട്ടെന്നു മനസ്സിലാവുന്ന ചില പ്രയോ ജനങ്ങളുമുണ്ട്. ഇതിനായി ഞാൻ കുറേ സൂക്തങ്ങൾ തെരെഞ്ഞെ ടുത്തുവച്ചിരിക്കുന്നു. സമയക്കുറവുള്ളതിനാൽ നമുക്ക് രണ്ട് സൂക്ത ങ്ങൾ നോക്കാം.

സൂറ അൽ അൻആം-ൽ 62,63 സൂക്തങ്ങളിൽ അല്ലാഹു ഇപ്ര കാരം പറയുന്നു. അവൻ തന്റെ ദാസന്മാരുടെ മേൽ പരമാധികാരി യാകുന്നു. അവൻ നിങ്ങളുടെ മേൽ പാറാവുകാരെ അയക്കുന്നുണ്ട്. അങ്ങനെ നിങ്ങളിലൊരാൾക്ക് മരണം വന്നെത്തിയാൽ നമ്മുടെ ദൂതൻമാർ (മലക്കുകൾ) അവന്റെ ജീവനെ പിടിക്കുന്നതാണ്. അവർ


(കല്പന നടപ്പാക്കുന്നതിൽ) വീഴ്ച വരുത്തുകയില്ല. പിന്നെ അവരുടെ യഥാർത്ഥ രക്ഷാധികാരിയായ അല്ലാഹുവിങ്കലേക്ക് അവർ മടക്കപ്പെടും. അറിയുക തീരുമാനം കല്പിക്കാനുള്ള അധികാരം അവനു തന്നെയാണ്, അവൻ കണക്കെടുക്കുന്നതിൽ വേഗതയുള്ളവനത്രെ.

ഈ വചനങ്ങളിൽ തന്റെ ദാസന്മാരുടെ മേൽ താൻ പരമാധികാരിയാണെന്ന് അല്ലാഹു പറയുന്നു. പരമാധികാരി എന്ന പദം ഒരു വ്യക്തിയിൽ ആരോപിക്കുമ്പോൾ നിഷേധാത്മക ഗുണമാണ് കേൾവിക്കാരന്റെ മനസ്സിൽ കടന്നു വരിക. പക്ഷേ, പരമാധികാരി എന്ന പദം വാസ്തവത്തിൽ പൂർണ്ണ അധികാരം ഉള്ള വ്യക്തി എന്നാണ് അർത്ഥമാക്കുന്നത്. തനിക്ക് ഇഷ്ടമുണ്ടെങ്കിൽ ശിക്ഷിക്കാൻ അധികാരമുള്ള ആൾ ആ ആൾക്ക്/വ്യക്തിക്ക് ശിക്ഷിക്കാനുള്ള അധികാരമുണ്ട്, കഴിവുമുണ്ട്. അതുപോലെ തന്നെ അദ്ദേഹം ഇച്ഛിക്കുന്നുവെങ്കിൽ മാപ്പും കൊടുക്കാം. ഇഷ്ടമുള്ളതെന്തോ അതു ചെയ്യാം എന്നു ചുരുക്കം.

അങ്ങനെ പൂർണ്ണ അധികാരവും, നിയന്ത്രണവും കയ്യിലുള്ള ആളെയാണ് നാം പരമാധികാരി എന്നു പറയുക. കക്ഷി രാഷ്ട്രീയത്തിൽ നാം ഈ പദം പൊതുവേ കേൾക്കുന്ന ഒന്നാണ്. പക്ഷേ, ഒന്നിന് മറ്റൊന്നിനെ ഭയമുണ്ടെങ്കിൽ പരമാധികാരി എന്ന പ്രയോഗം സാധുവാകുകയില്ല. ഉദാഹരണമായി പറയുകയാണെങ്കിൽ, ചില വൻകിട രാജ്യങ്ങൾ, മറ്റ് ചെറുരാജ്യങ്ങളോട് സഹതാപത്തോടെ പെരുമാറുന്നത് കാണാമല്ലോ. ഇതിനു കാരണം, ഒന്നിന് മറ്റേതിനെ ഭയമുണ്ട് എന്നതാണ്. ഈ പരസ്പരഭയം എപ്പോൾ ഇല്ലാതാകുന്നോ, ആ നിമിഷം പരമാധികാര ഭാവം അനീതിയുടെ രൂപമാർജ്ജിച്ച് പ്രകടമാകുന്നു. ഈ പരമാധികാരഭാവം അവിടെയുണ്ടായിരുന്നു. പക്ഷേ, ഈ പറഞ്ഞ നിമിഷം വരെ അത് പ്രകടമാണ്. അവർക്കിടയിൽ നിലനിന്നിരുന്ന പരസ്പരഭയം എന്ന വസ്തുതകൊണ്ടാണത്. അല്ലാഹുവിന്റെ ഗുണനാമവുമായി ബന്ധപ്പെടുത്തി പരമാധികാരി എന്ന പദം നാം ഉപയോഗിക്കുമ്പോൾ, മനസ്സിലാക്കേണ്ട സംഗതി അല്ലാഹു ഇച്ഛിക്കുന്നുവെങ്കിൽ അവന് എല്ലാം നശിപ്പിക്കാൻ കഴിയും എന്നാണ്. ഇതുസംബന്ധിച്ച് അവനെ ചോദ്യം ചെയ്യാൻ ആരുമില്ല.

അതേ സമയം അല്ലാഹു ഹമീദ് കൂടിയാണ്. അവന് നശിപ്പിക്കാനുള്ള അധികാരമുണ്ടെങ്കിലും അവൻ ആളുകളെ നശിപ്പിക്കുന്നില്ല. ചില അവസരങ്ങളിൽ മനുഷ്യർ അവരുടെ കർമ്മം കൊണ്ട് അങ്ങേയറ്റം ശിക്ഷയ്ക്ക് അർഹരായി വരാറുണ്ട്. എന്നിട്ടും അല്ലാഹു അവരെ ശിക്ഷിയ്ക്കുന്നില്ല. അല്ലാഹു ഇച്ഛിച്ചിരുന്നുവെങ്കിൽ, മനുഷ്യനെ നശിപ്പിച്ച് ഭൂമിയിൽ നിന്നും ഉന്മൂലനം ചെയ്തേനെ എന്നു പറയാറുണ്ട്. കാരണം മനുഷ്യൻ അത്രത്തോളം തിന്മകളിലും അനീതികളിലും പാപങ്ങളിലും ആണ്ടുപോയിരിക്കുന്നു. പക്ഷേ, അല്ലാഹു തന്റെ ക്രൂരമായ ഭാവം പുറത്തെടുക്കാതെ സൗമ്യമായ ഭാവമാണ് പുറത്തെടുത്തുക്കൊണ്ടിരിക്കുന്നത്. നിങ്ങൾ മനസ്സിലാക്കുന്നതുപോലെ ഇത് ഒന്നോരണ്ടോ പ്രഭാഷണങ്ങളിലൂടെ പറഞ്ഞു തീർക്കാവുന്നത്ര ചെറിയ ഒരു വിഷയമേയല്ല. അല്ലാഹു സുബ്ഹാനഹുവതആലായുടെ ഗുണനാമങ്ങളെ വിശദമാക്കുക, എളുപ്പമുള്ള കാര്യമല്ല. ഇൻശാ അല്ലാഹ്, അടുത്ത വെള്ളിയാഴ്ച ഈ വിഷയത്തെ സംബന്ധിച്ച് തുടർന്നും പ്രതിപാദിക്കുവാനുള്ള അവസരം ഈ വിനീതദാസന് അല്ലാഹു(ത) നല്കുമാറാകട്ടെ.

നമ്മെ ഓരോരുത്തരെയും അല്ലാഹു(ത) നേർമാർഗ്ഗത്തിൽ നയിക്കുകയും മാനവരാശിയുടെ നന്മയ്ക്കായി അവന്റെ സന്ദേശങ്ങളെയും കല്പനകളെയും നന്നായി മനസ്സിലാക്കുവാനുള്ള അവസരം ഒരുക്കിത്തരികയും ചെയ്യുമാറാകട്ടെ. ഇൻശാ അല്ലാഹ് ആമീൻ!



***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***